(ഡി) ആകെ 15 അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുണ്ട്. 22-6-2011-ൽ 2 അക്കൗണ്ടുകളും 29-9-2011-ൽ 3 അക്കൗണ്ടുകളും 25-2-2012-ൽ 10 അക്കൗണ്ടുകളും മരവിപ്പിച്ചിട്ടുണ്ട്.

(ഇ) കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടുകെട്ടിയിട്ടില്ല.

(എഫ്) 13-12-2010-ൽ 63 ലക്ഷംരൂപ ആലുവ പോലീസ് പിടിക്കൂടിയതായും ടി തുക റവന്യൂ ഇന്റലിജൻസിന് കൈമാറിയിട്ടുള്ളതായും ആയത് സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും അറിവായിട്ടുണ്ട്. നാനോ എക്സൽ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത റിമാന്റ് പ്രതിയിൽനിന്നും 35,500 രൂപ പിടിക്കൂടിയിട്ടില്ല.

കള്ളനോട്ടുകളുടെ പ്രചാരം തടയുന്നതിന് നടപടി

167 (2986). ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ള നോട്ടുകളുടെ പ്രചാരം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) കള്ളനോട്ട് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 227 കള്ളനോട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 233 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 4 കേസ്സുകൾ എൻ.ഐ.എ.-യ്ക്ക് അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

(സി) ബാങ്കുകളുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കും വ്യവസായികൾക്കും മറ്റും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ച് അതിർത്തികൾ കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും പരിശോധനയും നടത്തി അന്യസംസ്ഥാന തൊഴിലാളികളെ പ്രത്യേകമായി നിരീക്ഷിച്ചും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെയും ഷാഡോ പോലീസിന്റെയും സേവനം പ്രയോജനപ്പെടുത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കള്ളനോട്ട് ഉൾപ്പെടെ കേസ് അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റമറ്റ അന്വേഷണം നടത്തുന്നതിലേക്കായി അന്വേഷണരീതി സംബന്ധിച്ച് പുതിയതായി വരുന്ന സർക്കുലറുകൾ, കോടതി വിധികൾ, നിയമ ഭേദഗതികൾ എന്നിവ ഉൾപ്പെടുത്തി 'UPDATES-2015' എന്ന പേരിൽ റിഫ്രഷർ ക്ലാസ് നടത്തിവരുന്നു.

കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്തെ വിദ്യാർത്ഥി സംഘർഷം

168 (2987) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ജൂൺ 23-ന് ഉച്ചയ്ക്ക് ശേഷം കേരള യൂണിവേഴ്സിറ്റി ഓഫീസിനകത്ത് വിദ്യാർത്ഥി സംഘടനകൾ തമ്മിലുള്ള സംഘർഷത്തെത്തുടർന്ന് പോലീസ് എത്ര വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്യുകയുണ്ടായി ; അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെ ;

(ബി) ഇവർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കുറ്റങ്ങൾക്ക് ഏതെല്ലാം വകുപ്പ് പ്രകാരം വിശദമാക്കുമോ ;

(സി) നന്ദാവനം പോലീസ് ക്യാമ്പിലേക്ക് പോലീസ് എത്രപേരെയാണ് വാഹനത്തിൽ കയറ്റിക്കൊണ്ടുപോയത് ; ഇവരെ പോലീസിന് കൈമാറിയത് ആരെല്ലാം ;

(ഡി) ഇവരെ അറസ്റ്റ് ചെയ്യുകൊണ്ടുപോയത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ പോലീസ് സംഘമായിരുന്നു ?

ഉത്തരം

(എ&ബി) 23-6-2015 തീയതിയിൽ കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്ക് നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് SFI/KSU സംഘർഷാവസ്ഥ കേരള യൂണിവേഴ്സിറ്റി ഓഫീസ് പരിസരത്ത് നിലനിന്നിരുന്നതും എന്നാൽ പോലീസിന്റെ സമയോചിതമായ ഇടപെടൽമൂലം സംഘർഷാവസ്ഥ ഒഴിവാക്കിയിട്ടുള്ളതും കേരളാ യൂണിവേഴ്സിറ്റി ഓഫീസ് പരിസരത്തെ SFI/KSU സംഘർഷാവസ്ഥയുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് സർക്കിളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്. എന്നാൽ ടി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുൻ സെനറ്റ് മെമ്പർ ശ്രീ. ബാലമുരളിയും കണ്ടാലറിയാവുന്ന രണ്ട് സഹായികളും കേരളാ യൂണിവേഴ്സിറ്റി സെനറ്റ് ഹാളിന്റെ അകത്ത് ബലം പ്രയോഗിച്ചുകയറി യാതൊരു പ്രകോപനവു

LIBRARY ARCHIVES Kerala Legislative Assembly